# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.877 20.03.2013-ൽ മറുപടിക്ക്**

**നാദാപുരം നിയോജക മണ്ഡലത്തിലെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നാദാപുരം നിയോജക മണ്ഡലത്തിലെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കമോ ; | (എ) നാദാപുരം മണ്ഡലത്തിൽ ജലവിതരണം നടത്താനുദ്ദേശിച്ച് ആരംഭിച്ച കുന്നുമ്മലും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവൃത്തികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയതുകയുടെ അപര്യാപ്തത മൂലം നാലുവില്ലേജുകളിൽ വിതരണ ശൃംഖല സ്ഥാപിയ്ക്കാൻ കഴിയാതെ വന്നു. ആയതിനാൽ വളയം വാണിമേൽ, കായക്കൊടി എന്നീ വില്ലേജുകളിലെ വിതരണ ശൃംഖല സ്ഥാപിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നല്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1.എൻ.ആർ.ഡി.ഡബ്ല്യു.പി (എസ്.എൽ.എസ്.സി 2010) വളയം വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ - 300 ലക്ഷം രൂപ |

2.എൻ.ആർ.ഡി.ഡബ്ല്യൂ.പി.
(എസ്.എൽ.എസ്.സി 2010) നരിപറ്റ വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ - 300 ലക്ഷം രൂപ

3.എൻ.ആർ.ഡി.ഡബ്ല്യൂ.പി
(എസ്.എൽ.എസ്.സി-2011)
വാണിമേൽ വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ - 533 ലക്ഷം രൂപ

4.എൻ.ആർ.ഡി.ഡബ്ല്യൂ.പി
(എസ്.എൽ.എസ്.സി 2012)
കായക്കൊടി വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖലയും ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കലും. - 1563.15 ലക്ഷം രൂപ

കൂടാതെ കുന്നുമ്മൽ സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ 7 പദ്ധതികൾക്കുമായി 33.02 കോടിയുടെ പഴയ ഭരണാനുമതി പുതുക്കി 34.30 കോടിക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുടംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

(ബി)

| പഞ്ചായത്തിന്റെ പേര് | | എണ്ണം |
|---|---|---|
| 1. എടച്ചേരി | - | 134 |
| 2. നാദാപുരം | - | 707 |
| 3. വാണിമേൽ | - | 470 |
| 4.ചെക്യാട് | - | 300 |
| 5.തൂണേരി | - | 48 |
| 6.കായക്കൊടി | - | 57 |
| 7.കാവിലുംപാറ | - | 131 |
| 8.നരിപറ്റ | - | 1 |
| 9.വളയം | - | ഇല്ല |

സെക്ഷൻ ഓഫീസർ